പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **2709** **10.07. 2015-** ലെ മറുപടി

## പ്രവാസി പുനരധിവാസ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| എ)പ്രവാസി പുനരധിവാസ പദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | എ) ഉണ്ട്. വിദേശത്ത് ജോലി ചെയ്ത് മടങ്ങി വരുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനും അവർക്കു നാട്ടിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM) എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പരമാവധി 20 ലക്ഷം രൂപ വരെ മൂലധന ചെലവ് പ്രതീക്ഷിക്കുന്ന തൊഴിൽ സംരംഭങ്ങൾക്ക് 15% മൂലധന സബ്സിഡിയും നൽകുന്നുണ്ട്. കൂടാതെ ആദ്യത്തെ നാലു വർഷം 3% പലിശ ഇളവും നൽകുവാൻ ഉത്തരവായിട്ടുണ്ട്. രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്ത ശേഷം നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികൾ, ഇത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയാണ് പദ്ധതിയുടെ ആനുകൂല്യത്തിന് അർഹർ. നോർക്ക –റൂട്ട്സുമായി എം. ഒ. യു ഒപ്പ് വച്ചിട്ടുള്ള കനറാ ബാങ്കും. യൂണിയൻ ബാങ്കും മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ പുരോഗതി റിപ്പോർട്ട് ചുവടെ ചേർക്കുന്നു. |

### NDPREM റിപ്പോർട്ട്

| | | |
|---|---|---|
| 1 | മൊത്തം അപേക്ഷകരുടെ എണ്ണം | 19690 |
| 2 | സ്ക്രീനിംഗിന് ക്ഷണിച്ചവരുടെ എണ്ണം | 19690 |
| 3 | സ്ക്രീനിംഗിന് ഹാജരായവരുടെ എണ്ണം | 7218 |
| 4 | സ്ക്രീനിംഗിന് കമ്മിറ്റി തിരഞ്ഞെടുത്ത അപേക്ഷകരുടെ എണ്ണം | 6809 |
| 5 | സ്ക്രീനിംഗിന് കമ്മിറ്റി നിരസിച്ച അപേക്ഷകരുടെ എണ്ണം | 397 |
| 6 | ബാങ്കിലേക്ക് ശുപാർശ കത്ത് അയച്ചവരുടെ എണ്ണം | 6758 |
| 7 | ബാങ്കിലേക്ക് ശുപാർശ കത്ത് അയക്കാനുള്ളത് (ബാഡ്ജോട് കൂടിയ ഡ്രൈവിംഗ് ലൈസൻസ്, വിസയുടെ പകർപ്പ് എന്നീ വിവിധ കാരണങ്ങളാൽ പെൻഡിംഗ് വച്ചിരിക്കുന്ന അപേക്ഷകളുടെ എണ്ണം) | 63 |
| 8 | ബാങ്കിൽ നിന്നും ലോൺ എടുത്ത അപേക്ഷകരുടെ എണ്ണം | 896(**Canara Bank**) + 19 (**Union Bank**)=915 |
| 9 | സബ്സിഡി | 6.82 കോടി രൂപ |

സൗദി അറേബ്യയിലെ നിതാഖത്ത് നിയമം മൂലം കേരളത്തിൽ തിരികെയെത്തിയവർക്കായി നോർക്ക-റൂട്ട്സ് ഏർപ്പെടുത്തിയ രജിസ്ട്രേഷൻ സംവിധാനത്തിലൂടെ രജിസ്റ്റർ ചെയ്തവരുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ല | രജിസ്റ്റർ ചെയ്തവരുടെ എണ്ണം | അധികവിവരങ്ങൾ ലഭ്യമാക്കിയവരുടെ എണ്ണം | ബാങ്ക് വായ്പ ശുപാർശയ്ക്ക് യോഗ്യരായവരുടെ എണ്ണം |
|---|---|---|---|
| തിരുവനന്തപുരം | 2330 | 439 | 177 |
| കൊല്ലം | 2182 | 526 | 239 |
| പത്തനംതിട്ട | 351 | 82 | 49 |
| ആലപ്പുഴ | 685 | 65 | 37 |
| കോട്ടയം | 219 | 63 | 21 |
| ഇടുക്കി | 77 | 28 | 10 |
| എറണാകുളം | 422 | 126 | 74 |
| തൃശൂർ | 620 | 26 | 16 |
| പാലക്കാട് | 1532 | 435 | 228 |
| കോഴിക്കോട് | 2719 | 740 | 271 |
| വയനാട് | 554 | | |
| മലപ്പുറം | 9274 | 2843 | 733 |
| കണ്ണൂർ | 1423 | 410 | 194 |
| കാസർഗോഡ് | 246 | | |
| ആകെ | **22634** | **5783** | **2049** |

ബി) പ്രവാസികൾക്ക് ചികിത്സാസഹായം ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

ബി) അപേക്ഷിക്കുന്നവരിൽ അർഹരായവർക്ക് ഫണ്ട് ലഭ്യമാകുന്ന മുറക്കും അപേക്ഷയുടെ സീനിയോറിറ്റിക്ക് അനുസരിച്ചുമാണ് ധനസഹായം നൽകുന്നത്.

സി) വിദേശത്തുവച്ച് മരണപ്പെടുന്ന പ്രവാസികളുടെ കുടുംബങ്ങൾക്കുള്ള ധനസഹായം നൽകുന്നുണ്ടോ; എത്ര കുടുംബങ്ങൾക്കാണ് കഴിഞ്ഞ നാല് വർഷം ഈ ഇനത്തിൽ സഹായം നൽകിയത്?

സി) വിദേശത്ത് മരണപ്പെട്ട പ്രവാസികളുടെ കുടുംബങ്ങൾക്കുള്ള സാന്ത്വന പദ്ധതിയിൻ കീഴിൽ 1580 കുടുംബങ്ങൾക്കും കാരുണ്യ പദ്ധതിയിൻ കീഴിൽ 35 കുടുംബങ്ങൾക്കും ചെയർമാൻ ഫണ്ടിൽ നിന്നും 713 കുടുംബങ്ങൾക്കും കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ ധനസഹായം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ